17

# പെന്തെക്കൊസ്തു നാൾ

**പ്രവൃത്തികൾ 2**

*"അവന്റെ, വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു" (പ്രവൃത്തികൾ 2:41).*

പെന്തെക്കൊസ്തു നാളിൽ സംഭവിച്ചതിനെ നമുക്ക് എങ്ങനെ വിശദമാക്കുവാൻ കഴിയും (പ്രവൃത്തികൾ 2)? അന്നു അറിയപ്പെട്ടിരുന്ന ലോകത്തിലെ വിവിധ സ്ഥലങ്ങളിൽ ഉണ്ടായിരുന്നവർ ഉൾപ്പെട്ട, മൂവായിരം പേർ സ്നാനം ഏറ്റു. എത്ര അതിശയകരമാണ്! ഒരു ഗുരു പോലും അല്ലാത്ത, അറിയപ്പെടാത്ത ഒരു പ്രാസംഗികനായിരുന്നു, പത്രൊസ്. ജനക്കൂട്ടത്തോടു എന്ത് പറയാൻ പോകുന്നുവെന്ന് അവനു അറിഞ്ഞുകൂടായിരുന്നു. പരിശുദ്ധാത്മാവു ശരിയായ വാക്കുകൾ അവന്റെ വായിൽ നല്കി. യേശു ആരാണെന്നും അവൻ എന്തു ചെയ്തു എന്നും അവൻ വിശദമാക്കി. ചരിത്രത്തിൽ വെച്ച് ഒരു പ്രസംഗത്തിന് ഏറ്റവും വലിയ പ്രതികരണം ലഭിച്ചത് ഇതായിരുന്നു. ക്രൂശ് മുഖേനയും, ആ പ്രസംഗം മുഖേനയും ഇന്നുവരെ ഉണ്ടായതിൽ ഏറ്റവും അത്ഭുതാവഹമായ, സഭ സ്ഥാപിക്കപ്പെട്ടു.

ദൈവം ഒന്നിനേയും യാദൃശ്ചികമായി സംഭവിപ്പാൻ വിടുന്നില്ല. അവൻ എല്ലാം യോജിപ്പിക്കുന്നു. പെസഹാ പെരുന്നാളിനു ആയിരക്കണക്കിനു യെഹൂദന്മാർ യെരുശലേമിൽ വന്നിരുന്നു. അനേകർക്ക്, അതു മുഖ്യ മതപരമായ തീർത്ഥാടനമാണ്, ഒരുപക്ഷെ, ഒരു – ജീവിതത്തിൽ – ഒരിക്കലായി – സംഭവിക്കുന്നതാകാം. ആ ആളുകളിൽ ചിലർ പെന്തെക്കൊസ്തു നാൾ വരെ *അമ്പതു ദിവസം* യെരുശലേമിൽ തങ്ങും. ആ ആളുകൾ വളരെ അടുത്ത് ഒന്നിച്ചു കൂടും. അവർക്ക് പെസഹ, ക്രൂശ്, ശൂന്യമായ കല്ലറ എന്നിവയെ കുറിച്ചുള്ള സംസാരം നിർത്തുവാൻ കഴിഞ്ഞില്ല.

ആ പെസഹ പോലെ മറ്റൊരു പെസഹ ഉണ്ടായിട്ടില്ല! സംഭവിച്ചതിനെ കുറിച്ചു ചിന്തിപ്പാൻ യിസ്രായേലിന്നു അമ്പതു ദിവസം ദൈവം

നല്കി. ഭൂമി കുലുക്കം നിമിത്തം അവരുടെ “പല്ലുകൾ പോലും കടകടാ അടിച്ചിരിക്കും” (നോക്കുക മത്തായി 27:51-53). “ആറാം മണി മുതൽ ഒമ്പതാം മണിവരെ, ദേശത്തുമുഴുവൻ ഇരുട്ടുണ്ടായി” (മത്തായി 27:45; മർക്കൊസ് 15:33; ലൂക്കൊസ് 23:44). യേശുവിനെ ക്രൂശിൽ തറെക്കുവാൻ ദൈവം ജനങ്ങളെ അനുവദിച്ചു, എന്നാൽ അവൻ മരിക്കുന്നതു കണ്ടു ആസ്വദിക്കുവാൻ ദൈവം അനുവദിച്ചില്ല. ഉച്ചക്കു പന്ത്രണ്ടു മണി മുതൽ 3 മണിവരെയുള്ള ആ സമയം, ഭൂതാവിഷ്ടമായും, ഭയപ്പെടുത്തുന്നതും, ഭീതിജനകവുമായിരുന്നു! ആളുകൾ ഇളകുവാനും, ഇളകാതിരിക്കുവാനും ഭയപ്പെട്ടു.

“ഞങ്ങൾ എന്താണ് ചെയ്തതു?” എന്നായിരുന്നു ചോദ്യം. പാറകൾ പിളർന്നു. കല്ലറകൾ തുറക്കപ്പെട്ടു. തുറക്കപ്പെട്ട കല്ലറയിൽ നിന്ന് നിദ്ര പ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയിർത്തെഴുന്നേറ്റു അവന്റെ പുനരുത്ഥാനത്തിന്റെ ശേഷം കല്ലറകളെ വിട്ടു (മത്തായി 27:51, 52). പുരോഹിതന്മാർ ദൈവാലയത്തിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നപ്പോൾ (ഒമ്പതാം മണി നേരം), മന്ദിരത്തിലെ തിരശ്ശീല മേൽ തൊട്ട് അടിവരെ രണ്ടായി കീറി (മത്തായി 27:51; മർക്കൊസ് 15:38; ലൂക്കൊസ് 23:45). ചിത്തക്ഷോഭം സംഭവിച്ചു “അവനെ ക്രൂശിക്ക!” എന്നാർത്തവർ വിറക്കുവാൻ തുടങ്ങി. പങ്കാളികളായിരുന്നവർക്ക് പരിഭ്രമം കൊണ്ടു അവരുടെ നെഞ്ചിടിക്കുവാൻ തുടങ്ങി. യേശുവിനെ ക്രൂശിൽ തറെക്കുവാൻ സഹായിച്ച പടയാളികളിൽ ഒരാളായിരുന്ന, റോമൻ ശതാധിപൻ പോലും, അവൻ “ദൈവപുത്രൻ എന്നു തിരിച്ചറിഞ്ഞിരുന്നു” (നോക്കുക മത്തായി 27:54; മർക്കൊസ് 15:39).

*അമ്പതു ദിവസ*ത്തോളം യെരുശലേമിൽ കൂടി വന്നിരുന്നവർക്കു കാണുവാൻ കഴിഞ്ഞതു ഒരു ശൂന്യമായ കല്ലറ ആയിരുന്നു. യേശു ഉയിർത്തെഴുന്നേറ്റു എന്നു പിലാത്തൊസും യെഹൂദ പ്രമാണിമാരും അറിഞ്ഞിരുന്നു. അന്വേഷിച്ചു ആരെയും അയച്ചില്ല. അപ്പൊസ്തലന്മാരെ ചോദ്യം ചെയ്തില്ല. ശിഷ്യന്മാർക്കു മുൻപു ശത്രുക്കൾ അതറിഞ്ഞിരുന്നു.

യേശു ഉയിർത്തെഴുന്നേറ്റു. അവൻ വീണ്ടും മരിച്ചില്ല; മറിച്ച്, അവന്റെ ശിഷ്യന്മാർക്കു നാല്പതു ദിവസത്തിലധികം പ്രത്യക്ഷനായ ശേഷം (പ്രവൃത്തികൾ 1:3), അവൻ സ്വർഗ്ഗത്തിൽ പിതാവിന്റെ അടുക്കലേക്കു ആരോഹണം ചെയ്തു. അവൻ മേഘത്തിൽ മറഞ്ഞ് ഇപ്പോൾ ദൈവത്തിന്റെ വലത്തു ഭാഗത്തിരിക്കുന്നു (എഫെസ്യർ 1:20; കൊലൊസ്യർ 3:1). അവൻ ആരോഹണം ചെയ്യുന്നതിനുമുൻപ്, യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, “എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു; യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും, ശമര്യയിലും, ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു” (പ്രവൃത്തികൾ 1:8). ആ വാഗ്ദാനം ദിവസങ്ങൾക്കുശേഷം, പെന്തെക്കൊസ്തു നാളിൽ മാത്രമാണ് നിറവേറിയത്.

ആ അവസരത്തിൽ ദൈവം കൊടിയ കാറ്റായി വന്നു. അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവു നിറഞ്ഞു. അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി. അപ്പൊസ്തലന്മാർ എല്ലാവരും അന്യഭാഷകളിൽ ദൈവത്തിന്റെ വൻകാര്യങ്ങളെ പ്രസ്താവി

ക്കുവാൻ തുടങ്ങി. പിന്നെ, തന്റെ മുഖ്യപ്രസംഗത്തിൽ, *അമ്പതു ദിവസം മുൻപു* സംഭവിച്ചതു പത്രൊസ് പ്രസ്താവിച്ചു! തന്റെ കേൾവിക്കാർ അതിനു സാക്ഷികളാകുക മാത്രമല്ല, പാതകികളും ആയിരുന്നു എന്ന വൻ പറഞ്ഞു. അവൻ അവരെ കുലപാതകികളായിട്ടാണ് മുദ്രകുത്തി യത് – ദൈവപുത്രനെ കൊന്നവർ! അവരുടെ ഹൃദയത്തിൽ കുത്ത് കൊണ്ടു. അവർ ഭയന്നു നിലവിളിച്ചു. അവർ മാനസാന്തരപ്പെട്ടു. മൂവാ യിരം പേർ അവരുടെ പാപമോചനത്തിനായി സ്നാനം ഏറ്റു. അവരുടെ പരിവർത്തനത്തോടുകൂടെ, യെരുശലേമിൽ വെച്ചു ആ പെന്തെക്കൊസ്തു നാളിൽ സഭ ആരംഭിച്ചു.

ചരിത്രം നമ്മെ വെളിപ്പെടുത്തുന്നതെന്തെന്നാൽ യേശുക്രിസ്തു വിന്റെ ഏകാന്തജീവിതത്തിനു സ്വാധീനിക്കുവാൻ സാധിച്ചതുപോലെ "മാർച്ച് ചെയ്തിട്ടുള്ള എല്ലാ സൈന്യങ്ങൾക്കോ, കൂടിയ എല്ലാ പാർല മെന്റുകൾക്കോ, വാണിട്ടുള്ള എല്ലാ രാജാക്കൻമാർക്കോ"[1] നമ്മെ സ്വാ ധീനിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നാണ്. ആ മൂവായിരം സ്നാനങ്ങൾ യാദൃശ്ചികമായിരുന്നില്ല. സാത്താന് അവൻ വിചാരിച്ചതുപോലെ സ്മാർട്ട് ആകുവാൻ കഴിഞ്ഞില്ല. സാത്താനെ വില കുറച്ചു കാണരുത്; സാത്താനെ വില കൂട്ടിയും കാണരുത്. തനിക്കു ദൈവത്തെ കൊല്ലുവാൻ കഴിയു മെന്നു സാത്താൻ വിചാരിച്ചിരുന്നോ? തീർച്ചയായും, അവനു ദൈവത്തെ കൊല്ലുവാൻ കഴിയുമെങ്കിലും, അവനെ മരിച്ചവനായി തന്നെ സൂക്ഷി ക്കുവാൻ കഴിയുകയില്ല എന്നു, അവനറിയാമായിരുന്നു. താൻ ജയിച്ചെന്നു വിചാരിച്ചുകൊണ്ട്, സാത്താൻ അവനെ തന്നെ പരാജയപ്പെടുത്തി.

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പ്

[1]ജെയിംസ് അല്ലൻ ഫ്രാൻസിസ്, "എറൈസ്, സർ നൈറ്റ്," ഇൻ *"ദ റിയൽ ജീസസ്" ആന്റ് അദർ സെർമൺസ്* (ഫിലദെൽഫിയ: ജഡ്സൺ പ്രസ്, 1926), 123–24.

© 2009 Truth for Today